## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 282 — 28.06.2011-ൽ മറുപടിയ്ക്ക്

### വൈദ്യുതി വിതരണ രംഗത്തെ മലപ്പുറം ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപടി.

| ചോദ്യം<br>ശ്രീ.സി. മമ്മൂട്ടി : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി വിതരണ രംഗത്ത് ഏറ്റവും പിന്നോക്കമാണ് മലപ്പുറം ജില്ലയെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പിന്നോക്കാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) കൽപ്പകഞ്ചേരിയിൽ ഒരു പുതിയ 33 കെ.വി സബ്സ്റ്റേഷൻ തുടങ്ങുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. 33 കെ. വി കക്കാട് സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചു. പൂക്കൊട്ടുംപാടത്ത് ഒരു 33 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ പരപ്പനങ്ങാടിയിൽ ഒരു 110 കെ. വി സബ്സ്റ്റേഷനും, മങ്കടയിൽ ഒരു 66 കെ. വി സബ്സ്റ്റേഷനും പോത്തുകല്ലിൽ ഒരു 33 കെ. വി സബ്സ്റ്റേഷനും ഉടൻ നിർമ്മാണം ആരംഭിക്കുന്നുണ്ട്.<br>പ്രധാനമായും പോസ്റ്റുകളുടെ ദൗർലഭ്യം കാരണമാണ് മലപ്പുറം ജില്ലയിൽ വൈദ്യുതീകരണ പ്രവൃത്തികൾ പുരോഗമിക്കാതി |

രുന്നത്. പോസ്റ്റുകൾ ലഭ്യമാക്കാനുള്ള നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ RGGVY, R-APDRP തുടങ്ങിയ പദ്ധതികളും ബോർഡിൻെറ തനതു ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളും കൂടാതെ ഗവൺമെൻറിൻെറ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ജില്ലയിൽ 80 കിലോമീറ്റർ 11 കെ. വി ലൈനും 143 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാനും 140 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് അനുമതി ലഭിച്ച മണ്ഡലങ്ങളിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നു. മറ്റു മണ്ഡലങ്ങളിൽ ജനപ്രതിനിധികളുടെ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.